"ഭരണഭാഷ മാതൃഭാഷ"

## <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം-സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് / സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്/യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു .

ഉത്തരവ് നമ്പർ:C3/32946/2019/DCEതിരുവനന്തപുരം തീയതി:01.11.2021

*പരാമർശം:*-1) 20.03.2019 ലെ C3/2788/2019/DCE നം ഉത്തരവ് .

2) 07.02.2019 ലെ C3/2788/2019/DCE നം ഉത്തരവ് .

3)15.04.2021 ലെ എഫ്1/243/2019/ഉ.വി.വ നം സർക്കാർ കത്ത് .

### <u>ഉത്തരവ്</u>

31.01.2019 ന് ആസ്ഥാന കാര്യാലയത്തിലെ ഫെയർ കോപ്പി സൂപ്രണ്ട് ശ്രീമതി.നസീമ ബീവി വിരമിച്ചതുമൂഖേനയുണ്ടായ ഒഴിവിൽ മൊകേരി ഗവ.കോളേജിലെ സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.പി.കെ.രമയ്ക്ക് 01.02.2019 തിയതി പ്രാബല്യത്തിൽ ഫെയർ കോപ്പി സൂപ്രണ്ട് ആയി പരാമർശം (2) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു . ആയതു മുഖേന സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലുണ്ടായ ഒഴിവിൽ ശ്രീമതി.പി.കെ രമ ഫെയർ കോപ്പി സൂപ്രണ്ട് ആയി ജോലിയിൽ പ്രവേശിച്ച തിയതിയായ 25.02.2019 തിയതി പ്രാബല്യത്തിലാണ് സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് ,സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്,യു.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരുന്നത് . എന്നാൽ ടി ഉത്തരവിൽ സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി ശ്രീജ .കെ സ്ഥാനക്കയറ്റം നൽകിയ പ്രാബല്യ തിയതി സംബന്ധിച്ച് പരാതി ഉന്നയിക്കുകയും ആയതിന്മേൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിലേക്കായി സർക്കാരിലേക്ക് കത്ത് നൽകുകയും ആയതു പരാമർശം (3) പ്രകാരം ലഭ്യമാകുകയും ചെയ്തു .

പരാമർശം (3) സർക്കാർ കത്തിൽ കെ.എസ്.ആർ ഭാഗം I ചട്ടം 23(d) പ്രകാരം ചുമതലയിൽ വ്യത്യാസമില്ലാത്തതും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികളുടെ ഇടപെടൽ അവശ്യമില്ലാത്ത നോൺ സെലക്ഷൻ തസ്തികകളിലേയ്ക്കുമുള്ള റേഷ്യോ പ്രൊമോഷനുകൾക്ക് ഒഴിവ് നിലവിൽ വരുന്ന തീയതി മുതലാണ് പ്രാബല്യം നൽകുന്നത് എന്നും റേഷ്യോ ഗ്രേഡിൽ നിന്നും പ്രൊമോഷനാകുന്ന ഒരു ജീവനക്കാരൻ താഴ്ന്ന തസ്തികയിൽ നിന്നും ചാർജ്ജ് വിടുതൽ ചെയ്ത് ഉയർന്ന തസ്തികയിൽ ചാർജ്ജ് എടുക്കുമ്പോൾ മാത്രമാണ് താഴ്ന്ന തസ്തികയിൽ ഒഴിവ് യഥാർത്ഥത്തിൽ നിലവിൽ വരുന്നത് എന്നും പ്രസ്തുത ഒഴിവിലേയ്ക്കാണ് അടുത്തതായി ഹയർ ഗ്രേഡിന് അർഹതയുള്ള ഉദ്യോഗസ്ഥന് റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് അനുവദിക്കുന്നത് എന്നും അതിനാൽ ജോലി സ്വഭാവം മാറ്റമില്ലാത്ത തസ്തികകളിൽ പ്രൊമോഷന്റെ ഉത്തരവ് തീയതി മുതൽ താഴ്ന്ന തസ്തികകളിലും (റേഷ്യോ ഗ്രേഡ്) ഒഴിവ് നിലവിൽ വന്നതായി കണക്കാക്കാമെന്നും പ്രസ്താവിക്കുന്നു .

മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിൽ പ്രാബല്യ തിയതി മൊകേരി ഗവ.കോളേജിലെ സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി.പി.കെ.രമ ജോലിയിൽ

പ്രവേശിച്ച തിയ്യതിയായ 25.02.2019 ന്റെ പകരം ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തിയ്യതിയായ 07.02.2019 പ്രാബല്യം നൽകി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ് .

Approval Valid

Digitally Approved By
സിജു ജേക്കബ്
Date: 01.11.2021
Reason: Approved

Sd/-
സിജു ജേക്കബ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2305547
srao.colledn@kerala.gov.in

സ്വീകർത്താവ്,

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3)സി.എ-ഡയറക്ടർ/അഡീഷണൽ ഡയറക്ടർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
4.സി 5 സെക്ഷൻ
5.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.